പക്ഷിപ്പനി

68 (2619) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി നിയന്ത്രണാതീതമായി മാറിയത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പക്ഷിപ്പനി നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) പക്ഷിപ്പനി ബാധിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര താറാവുകളും കോഴികളും ചത്തൊടുങ്ങിയെന്ന് വിശദമാക്കാമോ ;

(ഡി) ഇതിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഇ) പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാൻ സാധ്യതയുണ്ടോ ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പക്ഷിപ്പനി (എച്ച് 5 എൻ 1 ഏവിയൻ ഫ്ലൂ) സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ജില്ലകളിലെ രോഗബാധിത പ്രദേശത്തെ പക്ഷികളെ മുഴുവൻ കൊന്നൊടുക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രതിരോധ മരുന്നുകൾ നൽകുന്നതുൾപ്പെടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതനുസരിച്ച് പ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നും വ്യക്തിഗത സുരക്ഷയ്ക്ക് ആവശ്യമായ സാധനങ്ങളും ശേഖരിച്ച് നൽകുകയുണ്ടായി. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത മൂന്ന് ജില്ലകളിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുകയും കൂടാതെ മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ധരും ആരോഗ്യ വകുപ്പിലെ വിദഗ്ധരും സംയുക്തമായി യോഗം ചേർന്ന് ബോധവത്കരണത്തിന് ആവശ്യമായ ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുമുണ്ടായി. രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ പക്ഷി നശീകരണവും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ രോഗ നിരീക്ഷണവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണവും നടത്തിവരികയാണ്. രോഗ ചികിത്സയ്ക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം ആലപ്പുഴ മെഡിക്കൽകോളേജുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ചികിത്സയ്ക്കാവശ്യമായ ഒസൾട്ടാമിവിർ ഗുളികകളും ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്. ഇപ്രകാരം പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റ് വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി രോഗം ഇപ്പോൾ നിയന്ത്രണ വിധേയമായിട്ടുണ്ട്.

(സി) പക്ഷിപ്പനിബാധ സ്ഥിരീകരിച്ച കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പഞ്ചായത്തുകളിൽ 5-12-2014-വരെ കോഴികളും താറാവുകളുമടക്കം 17,835 വളർത്തു പക്ഷികൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) 44.5 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(ഇ) പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാൻ സാധ്യതയുണ്ട്. ഇത് മനുഷ്യരിലേക്ക് പകരാതിരിക്കാൻ ചുവടെചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :

- രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്തിന്റെ 1 കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗ സംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

- രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ 1 കി.മീ. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു.

• സംശയാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി ഡൽഹിയിലെ എൻ.സി.ഡി.സി.യിലേക്ക് അയയ്ക്കുന്നു.

അട്ടപ്പാടി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

69 (2620) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയ്ക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത മേഖലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും, ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നത് ;

(ഡി) ആദിവാസികളിലെ ഗർഭസ്ഥ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും, കുഞ്ഞുങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ സംസ്ഥാന തലത്തിലുള്ള ഉന്നത ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഐ.എം.എ., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഐ.എം.എ. സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടീം സന്ദർശിക്കുകയും ആയതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly